"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

**ഇലക്ട്രോണിക്സ് & വിവരസാങ്കേതികവിദ്യാ വകുപ്പ്** - കേരള സ്പെയ്സ് പാർക്കിന് (കെസ്പെയ്സ്) ടെക്നോപാർക്ക് കൈമാറേണ്ടിയിരുന്ന 18.56 ഏക്കർ ഭൂമിയിൽ നിന്ന് 3.67 ഏക്കർ ഭൂമി മഴവെള്ളസംഭരണ സംവിധാനത്തിന്റെ നിർമ്മാണത്തിന് നീക്കിവച്ചതിനുപകരമായി ടെക്നോപാർക്കിന്റെ കൈവശമുള്ള 4.74 ഏക്കർ ഭൂമി കെസ്പെയ്സിന് കൈമാറ്റം ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഇലക്ട്രോണിക്സ് & വിവരസാങ്കേതികവിദ്യാ (എ) വകുപ്പ്**

സ.ഉ.(കൈ) നം.6/2026/ITD തീയതി,തിരുവനന്തപുരം, 18-02-2026

---

പരാമർശം:-

1. 29-12-2022ാം തീയതിയിലെ സ.ഉ(സാധാ) നം.44/2022/ഐ.ടി.ഡി
2. കെസ്പെയ്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 25.05.2024 തീയതിയിലെ CEO/KSPACE/E&IT/171 ാം നമ്പർ കത്ത്
3. ടെക്നോപാർക്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 15.11.2025 തീയതിയിലെ ETPK/LA/2025-26/1558- ാം നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ടെക്നോപാർക്കിന്റെ 18.56 ഏക്കർ ഭൂമിയുടെ അവകാശംകെസ്പെയ്സിന് കൈമാറുന്നതിന് പരാമർശം1 പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ആയതനുസരിച്ച് ടെക്നോപാർക്ക് ഇതുവരെ 14.89 ഏക്കർ ഭൂമിയുടെ അവകാശം (31.07.2023 തീയതിയിൽ 3.5 ഏക്കറും 06.04.2024 തീയതിയിൽ 11.39 ഏക്കറും) കെസ്പെയ്സിന് കൈമാറുകയുണ്ടായി. ബാക്കിയുള്ള 3.67 ഏക്കർ ഭൂമി മഴവെള്ള സംഭരണത്തിനായി (Rain Water Harvesting (RWH)) നീക്കിവക്കുകയുണ്ടായി. പ്രസ്തുത ഭൂമിയ്ക്ക് പകരമായി പള്ളിപ്പുറം വില്ലേജിലെ ബ്ലോക്ക് 9ൽ സർവേ നമ്പർ 370-ലും 371-ലുമുള്ള 4.74 ഏക്കർ ഭൂമി ലഭ്യമാക്കണമെന്ന് പരാമർശം 2 പ്രകാരം കെസ്പെയ്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആവശ്യപ്പെടുകയുണ്ടായി.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ടെക്നോപാർക്ക് കെസ്പെയ്സിന് കൈമാറേണ്ടിയിരുന്ന 18.56 ഏക്കർ ഭൂമിയിൽ നിന്ന് 3.67ഏക്കർ ഭൂമി മഴവെള്ളസംഭരണ

സംവിധാനത്തിന്റെ നിർമ്മാണത്തിന് നീക്കിവച്ചതിനു പകരമായി, പള്ളിപ്പുറം വില്ലേജിലെ ബ്ലോക്ക് 9ൽ റീ സർവേ നമ്പർ 370-ലും 371-ലുമുള്ള ടെക്നോപാർക്കിന്റെ കൈവശമുള്ള 4.74ഏക്കർ ഭൂമിയുടെ അവകാശം ചുവടെ ചേർത്തിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി കെസ്പെയ്സിന് കൈമാറ്റം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിന് ടെക്നോപാർക്കിന്റെ സ്വന്തം ഫണ്ടിൽ നിന്നും ചെലവായ 3,00,00,000 രൂപ (മൂന്ന് കോടി രൂപ മാത്രം) കെസ്പെയ്സ് ടെക്നോപാർക്കിന് നൽകണം. സെയിൽ ഡീഡ് നടപ്പാക്കുന്ന തീയതി മുതൽ അഞ്ച് (5) വർഷത്തിനുള്ളിൽ തുക മുഴുവനായി ഒറ്റത്തവണയായോ, തവണകളായോ അടയ്ക്കണം. പ്രസ്തുത തുക കെസ്പെയ്സിന്റെ വരുമാനത്തിൽ നിന്നു കണ്ടെത്തേണ്ടതാണ്.

ii.സെയിൽ ഡീഡ് നടപ്പിലാക്കുന്ന തീയതി മുതൽ മേൽപ്പറഞ്ഞ ഭൂമി പാർസലുമായി ബന്ധപ്പെട്ട ഭാവിയിലെ എല്ലാ ലാൻഡ് അകിസിഷൻ റീസെറ്റിൽമെന്റ് (എൽഎആർ) ബാധ്യതകളും കെസ്പെയ്സ് വഹിക്കേണ്ടതാണ്.

iii. പരിസ്ഥിതി വകുപ്പിൽ നിന്ന് പരിസ്ഥിതി ക്ലിയറൻസ് നേടുന്ന വിവിധ പദ്ധതി വക്താക്കളുടെ നിർബന്ധിത കോർപ്പറേറ്റ് എൻവയോൺമെന്റൽ റെസ്പോൺസിബിലിറ്റി (സിഇആർ) ചുമതലകൾ ഉപയോഗപ്പെടുത്തിയാണ് മഴവെള്ള സംഭരണ സംവിധാനത്തിനുള്ള നടപടികൾ ഏറ്റെടുക്കേണ്ടത്. അത്തരം ഫണ്ടുകൾ ലഭ്യമാക്കാൻ ടെക്നോപാർക്കും കെസ്പെയ്സും സംയുക്തമായി പരിശ്രമിക്കേണ്ടതും മതിയായ ഫണ്ട് ലഭ്യമാക്കിക്കഴിഞ്ഞാൽ, മഴവെള്ളസംഭരണ സംവിധാനത്തിന്റെ വികസനം ടെക്നോപാർക്ക് ഏറ്റെടുക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സീറാം സാംബശിവ റാവു ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

<u>പകർപ്പ്</u>

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ടെക്നോപാർക്ക്

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കെസ്പെയ്സ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (3033607/PU-D3/10/2025-Fin പ്രകാരം)

പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നമ്പർ................)

വിവര പൊതുജനസമ്പർക്ക വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Kiran M
Date: 18-02-2026 17:11:57
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

തീയതി : 13-02-2026

ഫയൽ നം. ഐ.ടി.-എ1/62/2024/ഐ.റ്റി.ഡി. ഇനം നം: 3678

വിഷയം : ഇലക്ട്രോണിക്സ് & ഐ.ടി. വകുപ്പ് - കേരള സ്പെയ്സ് പാർക്കിന് (KSPACE) ടെക്നോപാർക്ക് കൈമാറേണ്ടിയിരുന്ന 18.56 ഏക്കർ ഭൂമിയിൽ നിന്ന് 3.67 ഏക്കർ ഭൂമി മഴവെള്ള സംഭരണ സംവിധാനത്തിന്റെ നിർമ്മാണത്തിനായി നീക്കിവച്ചതിനു പകരമായി KSPACE-ന് ഭൂമി ലഭ്യമാക്കുന്നതിന് മന്ത്രിസഭയുടെ അനുമതി തേടുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സ്പെഷ്യൽ സെക്രട്ടറി, ഇലക്ട്രോണിക്സ് & ഐ.ടി. വകുപ്പ്.

**GOVERNMENT OF KERALA**
(SHRI. PINARAYI VIJAYAN MINISTRY)
**DRAFT NOTE FOR THE COUNCIL OF MINISTERS**

| | | | |
|---|---|---|---|
| 1 | File Number | : | No. IT-A1/62/2024-ITD |
| 2 | Department | : | E&IT (A) Department. |
| 3 | Subject | : | E&ITD – seeking approval to allot land to Kerala Space Park (KSPACE) in lieu of 3.67 acres of land, set aside for the construction of rainwater harvesting system, out of the 18.56 acres of land to be transferred to KSPACE by Technopark.-Reg. |
| 4 | Date of Chief Minister's order for placing before the Council | : | 10.12.2025 |
| 5 (i) | Does the case involve financial commitments/ implications | : | Yes |
| (ii) | If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note | : | Yes |
| 6 | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | : | No |
| 7 | Name of Additional Secretary who submitted the Draft Note | : | Rajesh Kumar M |
| 8 | Name of Secretary who approved the Draft Note | : | Seeram Sambasiva Rao |
| 9 | Date of approval of the Draft Note for the Council by the Secretary | : | 29/01/2026 |
| 10 | Name of Chief Secretary who approved the Draft Note | : | Dr.A Jayathilak |
| 11 | Date of approval of the Draft Note for the Council by the Chief Secretary | : | |
| 12 | Name of Minister who approved the Draft Note | : | Sri. Pinarayi Vijayan |
| 13 | Date of approval of the Draft Note for the Council by the Chief Minister | : | |
| 14 | Date of submission of fair copies | : | |
| 15 | Date of decision by the Council of Ministers | : | |
| 16 | Number and Date of the Government Order / letter communicating the decision | : | |

**Draft Note for the Council of Ministers**

This note is submitted before the Council of Ministers seeking approval to allot land to Kerala Space Park (KSPACE) in lieu of 3.67 acres of land, set aside for the construction of a rainwater harvesting system, out of the 18.56 acres of land to be transferred to KSPACE by Technopark.

2.Government vide G.O.(Ms)No.44/2022/ITD dated 29-12-2022, had ordered the transfer of rights over 18.56 acres of land from Technopark to KSPACE. Accordingly, Technopark has so far transferred the rights of 14.89 acres of land (3.5 acres as on 31.07.2023 and 11.39 acres as on 6.4.2024) to KSPACE.The remaining 3.67 acres of land is set apart for Rain Water Harvesting (RWH). The CEO, Ksapce has requested 4.74 -acre land in survey number 370 and 371 in Block 9 of Pallippuram village in lieu of the land set apart for RWH.

3.Technopark put forward the following conditions for providing the aforementioned land to KSPACE:

i. KSpace need to construct Rainwater Harvesting system in 3.67 Acres of land at their cost within a period of 1 year. The maintenance and operation of the RWH system subsequently will be done by Technopark. Water stored in the RWH system will be shared with KSpace as per the water charge fixed from time to time by Technopark.

ii.The road along the side of RWH should be constructed and maintained by KSpace at their cost and the public should also be permitted to use the road.This was already communicated to the CEO, Kspace.

4.The CEO, Kspace was enquired whether the said conditions were acceptable to Kspace. In response he informed the following:

i) KSPACE will take over the construction of Rain Water Harvesting System (RWHS) and the ownership of the property will be vested in Technopark itself . KSPACE has

already accepted the condition prescribed by Technopark to develop the RWHS. Subject to availability of the fund, KSPACE will develop the RWHS and hand over the facility to Technopark for further operation and maintenance. KSPACE will take over the construction of RWHS and the ownership of the property will be vested in Technopark itself. The DPR for the construction of the rainwater harvesting system is being prepared in consultation with Technopark and Technopark will be totally involved during the implementation as well.

ii)While constructing the boundary wall for RWHS, land will be allotted for the common road on one side of RWHS and the common road will also be developed. The land earmarked for the public road can be entrusted to the panchayath so that further maintenance can be handed over to them.CEO Kspace informed that the matter was discussed with the CEO, Technopark and he also approved it.

5.Subsequently, the CEO of Technopark has reported that, the transfer of 4.74 acres of land in Re Survey No. 370 and 371 to Kspace in lieu of 3.67 acres of land earmarked for setting up the RWH system has been approved in the Executive Committee meeting of Technopark held on 18.07.2024.The total cost incurred by Technopark for acquiring the 4.74 acres of land is Rs. 4,80,58,697/-(Four crore eighty lakh fifty eight thousand six hundred and ninety seven). The CEO informed that out of this, Rs. 1,78,30,734/-(one crore seventy eight lakh thirty thousand seven hundred thirty four) was received as grant from the government and the remaining expenses (Rs. 3,02,27,963/- three crore two lakh twenty seven thousand nine hundred sixty three) were borne by Technopark.

p11cf

6.A meeting was held on 03.02.2025 under the chairmanship of the E&IT Secretary to discuss the issue of compensation for the loss incurred by Technopark if land is transferred to KSPACE at a nominal rate. In the meeting the following decisions were taken :

p23cf

i.Concurrence of Finance Dept may be obtained for transferring the land to KSPACE on revenue sharing model.

ii.Subject to approval of Finance Dept revenue sharing model will be agreed upon between KSPACE and Technopark at mutually convenient and acceptable terms.

iii.CEO, KSPACE to take necessary actions to request Environment Dept. To take up the construction of RWHS as part of their Corporate Environmental Responsibility (CER) activities and LSGD to take up the development of the public road.

iv. CEO, Technopark to take possible steps to incorporate the construction of RWHS and development of public road in the Neopolis project also.

7.Subsequently, the opinion of the Finance Department was sought on the transfer of 4.74 acres of land to KSPACE on revenue sharing model and they opined the following:

*'03.02.2025 -ാം തീയതി ഇ & ഐ.ടി സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കൈക്കൊണ്ട തീരുമാന പ്രകാരം, KSPACE-നും ടെക്നോപാർക്കിനും പരസ്പരം യുക്തവും സ്വീകാര്യവുമായ നിബന്ധനകൾ ഉൾപ്പെടുത്തി, റവന്യൂ ഷെയറിംഗ് രീതിയിൽ ടെക്നോപാർക്കിന്റെ കൈവശമുള്ള 4.74 ഏക്കർ ഭൂമി KSPACE – ന് കൈമാറ്റം ചെയ്യുന്നതിന് ധനകാര്യ വകുപ്പ് അനുമതി നൽകുന്നു.*

*ഇതിന് ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്.*

8.In the meeting convened by the Special Secretary, E&IT Department on 07.11.2025, it was decided that discussions should be held between Technopark and KSPACE on the conditions of the above transfer and submit it to the government and also to execute a Memorandum of Understanding (MoU) incorporating financial and other conditions. The CEO, Technopark informed that as per the discussions held between Technopark and KSPACE, the following terms have been mutually agreed upon to be included in the MoU:

i.Kerala Space Park shall pay an amount of ₹3,00,00,000/- (Rupees Three Crore only),being the actual cost incurred by Technopark from its own funds for acquiring the above-mentioned land.The amount shall be paid in full,either in lump sum or in

installments,within a period of five years from the date of execution of the Sale Deed.

ii.All future and pending Land Acquisition Resettlement (LAR) liabilities pertaining to the above-mentioned land parcels, as on the date of execution of the Sale Deed, shall be borne by Kerala Space Park.

iii.The rainwater harvesting measures should be undertaken through the mandatory Corporate Environmental Responsibility (CER) obligations of proponents of various projects obtaining Environmental Clearance from the Department of Environment. Technopark and KSPACE shall make joint efforts to get such funds. Once sufficient fund is arranged, Technopark will take up the development of the rainwater harvesting system.

9.In the above circumstances, the file was circulated to the Hon'ble Chief Minister for orders on seeking approval of the Council of Ministers for the transfer of 4.74 acres of land under the possession of Technopark to KSPACE as per the conditions mentioned above and the Hon'ble Chief Minister ordered to place the matter before the Council of Ministers for the consideration of the Cabinet.

Note #131

**Point for decision**

Whether permission may be granted for the transfer of rights over 4.74 acres of land under the possession of Technopark, in Re-survey No. 370 and 371 in Block 9 of Pallippuram Village to KSPACE in lieu of 3.67 acres of land set aside for the construction of Rain Water Harvesting System, out of the 18.56 acres of land to be transferred to KSPACE by Technopark, subject to the terms i to iii stated in paragraph 8?

29/1/26 29/01/26 29/1/26 U.S. 29.1.26 29/1/26

2/2/26

3678

**കേരള സർക്കാർ**
(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | നം. ഐ.ടി-എ 1/62/2024-ഐ.റ്റി.ഡി |
| 2 | വകുപ്പ് | ഇ&ഐ.ടി (എ) വകുപ്പ് |
| 3 | വിഷയം | ഇ&ഐ.ടി - കേരള സ്പെയ്സ് പാർക്കിന്(KSPACE) ടെക്നോപാർക്ക് കൈമാറേണ്ടിയിരുന്ന 18.56 ഏക്കർ ഭൂമിയിൽ നിന്ന് 3.67 ഏക്കർ ഭൂമി മഴവെള്ളസംഭരണ സംവിധാനത്തിന്റെ നിർമ്മാണത്തിനായി നീക്കിവച്ചതിനുപകരമായി KSPACE-ന് ഭൂമി ലഭ്യമാക്കുന്നതിന് മന്ത്രിസഭയുടെ അനുമതി തേടുന്നത് -സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 10.12.2025 |
| 5 (i) | ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ | അതെ |
| (ii) | സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | രാജേഷ് കുമാർ എം |
| 8 | കുറിപ്പ് അംഗീകരിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | സീറാം സാംബശിവ റാവു |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 29.01.2026 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.എ ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 07.02.2026 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മുഖ്യമന്ത്രി അംഗീകരിച്ച തീയതി | 10.02.2026 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 11.02.2026 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പരും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കേരള സ്പെയ്സ് പാർക്കിന് (KSPACE) ടെക്നോപാർക്ക് കൈമാറേണ്ടിയിരുന്ന 18.56 ഏക്കർ ഭൂമിയിൽ നിന്ന് 3.67 ഏക്കർ ഭൂമി മഴവെള്ളസംഭരണ സംവിധാനത്തിന്റെ നിർമ്മാണത്തിനായി നീക്കിവച്ചതിനുപകരമായി KSPACE-ന് ഭൂമി ലഭ്യമാക്കുന്നതിന് മന്ത്രിസഭയുടെ അനുമതി തേടുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2.ടെക്നോപാർക്കിന്റെ 18.56 ഏക്കർ ഭൂമിയുടെ അവകാശം KSPACE ന് കൈമാറുന്നതിന് 29-12-2022ാം തീയതിയിലെ സ.ഉ(സാധാ) നം.44/2022/ഐ.ടി.ഡി പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ആയതനുസരിച്ച് ടെക്നോപാർക്ക് ഇതുവരെ 14.89 ഏക്കർ ഭൂമിയുടെ അവകാശം (31.07.2023 തീയതിയിൽ 3.5 ഏക്കറും 6.4.2024 തീയതിയിൽ 11.39 ഏക്കറും) KSPACE ന് കൈമാറുകയുണ്ടായി. ബാക്കിയുള്ള 3.67 ഏക്കർ ഭൂമി മഴവെള്ള സംഭരണത്തിനായി (Rain Water Harvesting (RWH)) നീക്കിവച്ചിരിക്കുന്നു. പ്രസ്തുത ഭൂമിയ്ക്ക് പകരമായി പള്ളിപ്പുറം വില്ലേജിലെ ബ്ലോക്ക് 9 ൽ സർവേ നമ്പർ 370-ലും 371-ലുമുള്ള 4.74 ഏക്കർ ഭൂമി ലഭ്യമാക്കണമെന്ന് KSPACE സി.ഇ.ഒ ആവശ്യപ്പെട്ടിരുന്നു.

3.പ്രസ്തുത ഭൂമി KSPACE ന് ലഭ്യമാക്കുന്നതിന് ടെക്നോപാർക്ക് താഴെ കൊടുത്തിരിക്കുന്ന വ്യവസ്ഥകൾ മുന്നോട്ട് വെയ്ക്കുകയുണ്ടായി

i) കെസ്പെയ്സ് 1 വർഷത്തിനുള്ളിൽ മഴവെള്ളസംഭരണ സംവിധാനം 3.67 ഏക്കർ സ്ഥലത്ത് നിർമ്മിക്കേണ്ടതുണ്ട്. പ്രസ്തുത സംവിധാനത്തിന്റെ അറ്റകുറ്റപ്പണിയും പ്രവർത്തനവും ടെക്നോപാർക്ക് നടത്തും. കാലാകാലങ്ങളിൽ ടെക്നോപാർക്ക് നിശ്ചയിക്കുന്ന വാട്ടർ ചാർജ് അനുസരിച്ച് മഴവെള്ളസംഭരണ സംവിധാനത്തിൽ സംഭരിക്കുന്ന വെള്ളം കെസ്പെയ്സുമായി പങ്കിടും.

ii) മഴവെള്ളസംഭരണ സംവിധാനത്തിന്റെ വശത്തുകൂടിയുള്ള റോഡ് കെസ്പെയ്സ് അവരുടെ ചെലവിൽ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യണം. അതോടൊപ്പം ടി റോഡ് പൊതുജനത്തിന് ഉപയോഗിക്കുന്നതിന് അനുമതി നൽകുകയും വേണം.

4.പ്രസ്തുത വ്യവസ്ഥകൾ കെസ്പെയ്സിന് സ്വീകാര്യമാണോ എന്നത് സംബന്ധിച്ച് കെസ്പെയ്സ് സി.ഇ.ഒയോട് അന്വേഷിച്ചിരുന്നു. ആയതിന് മറുപടിയായി താഴെ കൊടുത്തിരിക്കുന്ന കാര്യങ്ങൾ അദ്ദേഹം അറിയിക്കുകയുണ്ടായി .

i)മഴവെള്ളസംഭരണ സംവിധാനത്തിന്റെ നിർമാണം KSPACE ഏറ്റെടുക്കുമെന്നും വസ്തുവിന്റെ ഉടമസ്ഥാവകാശം ടെക്നോപാർക്കിൽ തന്നെ നിക്ഷിപതമായിരിക്കുമെന്നും ടി പദ്ധതി വികസിപ്പിക്കുന്നതിന് ടെക്നോപാർക്ക് നിർദ്ദേശിച്ച വ്യവസ്ഥ കെസ്പെയ്സ് നേരത്തെ തന്നെ അംഗീകരിച്ചതാണെന്നും പ്രസ്തുത പദ്ധതിയ്ക്ക് സർക്കാരിൽ നിന്നുള്ള ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി, ടി സംവിധാനം കെസ്പെയ്സ് വികസിപ്പിക്കുന്നതാണെന്നും കൂടുതൽ പ്രവർത്തനത്തിനും പരിപാലനത്തിനുമായി ടെക്നോപാർക്കിന് സൗകര്യം കൈമാറുകയും ചെയ്യുമെന്നും കെസ്പെയ്സ് സി.ഇ.ഒ അറിയിച്ചു. ടെക്നോപാർക്കുമായി കൂടിയാലോചിച്ച് മഴവെള്ളസംഭരണ സംവിധാനത്തിന്റെ നിർമാണത്തിനുള്ള DPR തയ്യാറാക്കുന്നതായും ടി സംവിധാനം നടപ്പാക്കുന്ന സമയത്തും ടെക്നോപാർക്ക് പൂർണ്ണമായും പങ്കാളികളാകുമെന്നും കെസ്പെയ്സ് സി.ഇ.ഒ അറിയിച്ചു.

ii)മഴവെള്ളസംഭരണ സംവിധാനത്തിന് അതിർത്തി ഭിത്തി നിർമിക്കുമ്പോൾ ആയതിന്റെ ഒരു വശത്ത് പൊതുവഴിക്കായി സ്ഥലം വിട്ടുനൽകുമെന്നും പ്രസ്തുത നിർമാണത്തോടൊപ്പം പൊതുവഴിയും വികസിപ്പിക്കുന്നതാണെന്നും കെസ്പെയ്സ് സി.ഇ.ഒ അറിയിച്ചു. പൊതുവഴിയ്ക്കായി നീക്കിവെച്ചിരിക്കുന്ന ഭൂമി പഞ്ചായത്തിന് വിട്ടുനൽകാമെന്നും അതുവഴി തുടർന്നുള്ള പരിപാലനം അവരെ ഏൽപ്പിക്കാവുന്നതാണെന്നും ഇക്കാര്യം ടെക്നോപാർക്ക് സിഇഒയുമായി ചർച്ച ചെയ്യുകയും അദ്ദേഹം അത് അംഗീകരിക്കുകയും ചെയ്തതായും കെസ്പെയ്സ് സി.ഇ.ഒ അറിയിച്ചു.

5.തുടർന്ന് 18.07.2024 ന് ചേർന്ന ടെക്നോപാർക്കിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിൽ മഴവെള്ളസംഭരണ സംവിധാനം സ്ഥാപിക്കുന്നതിനായി നീക്കിവച്ചിരിക്കുന്ന 3.67 ഏക്കർ ഭൂമിയ്ക്ക് പകരമായി റീ സർവേ നമ്പർ 370-ലും 371-ലുമുള്ള 4.74 ഏക്കർ ഭൂമി കെസ്പെയ്സിന് കൈമാറ്റം ചെയ്യുന്നതിന് അംഗീകാരം നൽകിയതായി ടെക്നോപാർക്ക് സി.ഇ.ഒ അറിയിച്ചു. 4.74 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് ടെക്നോപാർക്കിന് മൊത്തം ചെലവായ തുക 4,80,58,697/-(നാല് കോടി എൺപത് ലക്ഷത്തി അൻപത്തിയെണ്ണായിരത്തി അറുന്നൂറ്റി തൊണ്ണൂറ്റി ഏഴ്) രൂപയാണ്. അതിൽ 1,78,30,734/-(ഒരു കോടി എഴുപത്തിയെട്ട് ലക്ഷത്തി മുപ്പതിനായിരത്തി എഴുന്നൂറ്റിമുപ്പത്തി നാല് ) രൂപ സർക്കാരിൽ നിന്ന് ഗ്രാന്റായി ലഭിച്ചതായും ബാക്കി ചെലവുകൾ

(3,02,27,963/- മൂന്ന് കോടി രണ്ട് ലക്ഷത്തി ഇരുപത്തിയേഴായിരത്തി തൊള്ളായിരത്തി അറുപത്തി മൂന്ന് രൂപ) ടെക്നോപാർക്ക് വഹിച്ചതായും സി.ഇ.ഒ അറിയിച്ചു.

6.നാമമാത്ര നിരക്കിൽ KSPACE ന് ഭൂമി കൈമാറ്റം ചെയ്യുകയാണെങ്കിൽ ടെക്നോപാർക്കിനുണ്ടാകുന്ന നഷ്ടം പരിഹരിക്കപ്പെടുന്നത് സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിന് 03.02.2025-ാം തീയതി ഇ&ഐ.ടി സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ചുവടെ കൊടുത്തിരിക്കുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

i)റവന്യൂ ഷെയറിംഗ് രീതിയിൽ KSPACE-ന് ഭൂമി കൈമാറ്റം ചെയ്യുന്നതിന് ധനകാര്യ വകുപ്പിന്റെ അംഗീകാരം തേടാവുന്നതാണ് .

ii)ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിന് വിധേയമായി KSPACE നും ടെക്നോപാർക്കിനും പരസ്പരം സൗകര്യപ്രദവും സ്വീകാര്യമായ നിബന്ധനകൾ പ്രകാരം റവന്യൂ ഷെയറിംഗ് രീതി അംഗീകരിക്കാവുന്നതാണ്.

iii)പരിസ്ഥിതി വകുപ്പിനോട് അവരുടെ CER പ്രവർത്തനങ്ങളുടെ ഭാഗമായി RWHS ന്റെ നിർമ്മാണം ഏറ്റെടുക്കുന്നതിനും എൽ.എസ്.ജി.ഡി.യോട് പൊതുറോഡിൻറെ വികസനം ഏറ്റെടുക്കുന്നതിനും അഭ്യർത്ഥിക്കുന്നതിന് ആവശ്യമായ നടപടികൾ കെസ്പെയ്സ് സിഇഒ സ്വീകരിക്കേണ്ടതാണ്.

iv)മഴവെള്ളസംഭരണ സംവിധാനത്തിന്റെ നിർമ്മാണവും പൊതു റോഡിൻറെ വികസനവും നിയോപോളിസ് പ്രൊജക്ടുമായി സംയോജിപ്പിക്കുന്നതിന് സാധ്യമായ നടപടികൾ ടെക്നോപാർക്ക് സിഇഒ സ്വീകരിക്കേണ്ടതാണ്.

7.തുടർന്ന്, റവന്യൂ ഷെയറിംഗ് രീതിയിൽ KSPACE-ന് 4.74 ഏക്കർ ഭൂമി കൈമാറ്റം ചെയ്യുന്നതിന് ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടുകയും ആ വകുപ്പ് ചുവടെ ചേർത്തിരിക്കും പ്രകാരം അഭിപ്രായപ്പെടുകയും ചെയ്തു.

*'03.02.2025 -ാം തീയതി ഇ&ഐ.ടി സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കൈക്കൊണ്ട തീരുമാന പ്രകാരം, KSPACE-നും ടെക്നോപാർക്കിനും പരസ്പരം യുക്തവും സ്വീകാര്യവുമായ നിബന്ധനകൾ ഉൾപ്പെടുത്തി, റവന്യൂ ഷെയറിംഗ് രീതിയിൽ ടെക്നോപാർക്കിന്റെ കൈവശമുള്ള 4.74 ഏക്കർ ഭൂമി KSPACE - ന് കൈമാറ്റം ചെയ്യുന്നതിന് ധനകാര്യ വകുപ്പ് അനുമതി നൽകുന്നു.*

*ഇതിന് ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്.*

8.ഇ&ഐ.ടി വകുപ്പ് സ്പെഷ്യൽ സെക്രട്ടറി 07.11.2025 തീയതിയിൽ വിളിച്ച യോഗത്തിൽ, മേൽപ്പറഞ്ഞ കൈമാറ്റത്തിന്റെ നിബന്ധനകൾ ടെക്നോപാർക്കും KSPACE ഉം തമ്മിൽ ചർച്ച ചെയ്ത് സർക്കാരിൽ സമർപ്പിക്കുന്നതിനും സാമ്പത്തിക നിബന്ധനകളും മറ്റ് നിബന്ധനകളും ഉൾപ്പെടുത്തി ഒരു ധാരണാപത്രം (MoU) നടപ്പിലാക്കുന്നതിനും തീരുമാനിച്ചു. ടെക്നോപാർക്കും KSPACE ഉം തമ്മിൽ നടന്ന ചർച്ചകൾക്കനുസൃതമായി, താഴെകൊടുത്തിരിക്കുന്ന നിബന്ധനകൾ ധാരണാപത്രത്തിൽ ഉൾപ്പെടുത്തുന്നതിന് പരസ്പരം അംഗീകരിച്ചതായി ടെക്നോപാർക്ക് സി.ഇ.ഒ അറിയിച്ചിരിക്കുന്നു.

i. മേൽപ്പറഞ്ഞ ഭൂമി ഏറ്റെടുക്കുന്നതിന് ടെക്നോപാർക്കിന്റെ സ്വന്തം ഫണ്ടിൽ നിന്നും ചെലവായ 3,00,00,000 രൂപ (മൂന്ന് കോടി രൂപ മാത്രം) കേരള സ്പെയ്സ് പാർക്ക് നൽകും. സെയിൽ ഡീഡ് നടപ്പാക്കുന്ന തീയതി മുതൽ അഞ്ച് (5) വർഷത്തിനുള്ളിൽ തുക മുഴുവനായി ഒറ്റത്തവണയായോ തവണകളായോ അടയ്ക്കും. പ്രസ്തുത തുക കെ സ്പെയിസിന്റെ റവന്യൂവിൽ നിന്നു കണ്ടെത്തും.

ii. സെയിൽ ഡീഡ് നടപ്പിലാക്കുന്ന തീയതി മുതൽ മേൽപ്പറഞ്ഞ ഭൂമി പാർസലുകളുമായി ബന്ധപ്പെട്ട ഭാവിയിലെ എല്ലാ ലാൻഡ് അക്വിസിഷൻ റീസെറ്റിൽമെന്റ് (എൽഎആർ) ബാധ്യതകളും കേരള സ്പെയ്സ് പാർക്ക് വഹിക്കും.

iii. പരിസ്ഥിതി വകുപ്പിൽ നിന്ന് പരിസ്ഥിതി ക്ലിയറൻസ് നേടുന്ന വിവിധ പദ്ധതി വക്താക്കളുടെ നിർബന്ധിത കോർപ്പറേറ്റ് എൻവയോൺമെന്റൽ റെസ്പോൺസിബിലിറ്റി (സിഇആർ) ബാധ്യതകളിലൂടെയാണ് മഴവെള്ള സംഭരണ നടപടികൾ ഏറ്റെടുക്കേണ്ടത്. അത്തരം ഫണ്ടുകൾ ലഭ്യമാക്കാൻ ടെക്നോപാർക്കും കെസ്പെയ്സും സംയുക്തമായി പരിശ്രമിക്കുകയും മതിയായ ഫണ്ട് ലഭ്യമാക്കിക്കഴിഞ്ഞാൽ, മഴവെള്ളസംഭരണ സംവിധാനത്തിന്റെ വികസനം ടെക്നോപാർക്ക് ഏറ്റെടുക്കുന്നതുമാണ്.

9.ഈ സാഹചര്യത്തിൽ, മേൽ പ്രതിപാദിച്ചിരിക്കുന്ന നിബന്ധനകൾ പ്രകാരം ടെക്നോപാർക്കിന്റെ കൈവശമുള്ള 4.74 ഏക്കർ ഭൂമി KSPACE-ന് കൈമാറ്റം ചെയ്യുന്നതിന് മന്ത്രിസഭയുടെ അനുമതി തേടുന്നതിനുള്ള ഉത്തരവിനായി ഫയൽ ബഹു.മുഖ്യമന്ത്രിയ്ക്ക്

ചംക്രമണം ചെയ്യുകയും വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവാകുകയും ചെയ്തു.

**തീരുമാനിക്കേണ്ട കാര്യം**

ടെക്നോപാർക്ക് KSPACE-ന് കൈമാറേണ്ടിയിരുന്ന 18.56 ഏക്കർ ഭൂമിയിൽ നിന്ന് 3.67 ഏക്കർ ഭൂമി മഴവെള്ളസംഭരണ സംവിധാനത്തിന്റെ നിർമ്മാണത്തിന് നീക്കിവച്ചതിനു പകരമായി, പള്ളിപ്പുറം വില്ലേജിലെ ബ്ലോക്ക് 9 ൽ റീ സർവേ നമ്പർ 370-ലും 371-ലുമുള്ള ടെക്നോപാർക്കിന്റെ കൈവശമുള്ള 4.74 ഏക്കർ ഭൂമിയുടെ അവകാശം ഖണ്ഡിക 8 ലെ i മുതൽ iii വരെയുള്ള നിബന്ധനകൾക്ക് വിധേയമായി KSPACE - ന് കൈമാറ്റം ചെയ്യുന്നതിന് അനുമതി നൽകാമോ?